(ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് കേന്ദ്ര വിഹിതമായ 7,000 രൂപയും (ഏഴായിരം രൂപ) സംസ്ഥാന വിഹിതമായ 7,000 രൂപയും (ഏഴായിരം രൂപ) ചേർത്ത് 14,000 രൂപയാണ് (പതിനാലായിരം രൂപ) നിലവിൽ വേതനമായി നൽകുന്നത്.

(സി) ഇല്ല. 2018-19 അദ്ധ്യയന വർഷത്തിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ 7000 (ഏഴായിരം രൂപ) പ്രതിമാസ വേതനത്തിൽ പാർട്ട് ടൈം അദ്ധ്യാപകരായി നിയമിക്കുവാനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ഡി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക നിലവിലില്ലാത്ത സ്കൂളുകളിൽ സമഗ്ര ശിക്ഷ കേരള പദ്ധതിയുടെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ.

(ഇ) 2018-19 അദ്ധ്യയന വർഷം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പ്രതിമാസം 7,000 രൂപ (ഏഴായിരം രൂപ) ശമ്പള നിരക്കിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട് ടൈം വ്യവസ്ഥയിൽ നിമയിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ഇവർക്ക് 7,000 രൂപ (ഏഴായിരം രൂപ) കൂടി അധികവേതനം അനുവദിച്ചതിൻ പ്രകാരം പ്രതിമാസം 14,000 രൂപ (പതിനാലായിരം രൂപ) വേതനമായി നൽകിവരുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം**

224(1294) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ 1-1-2013-ന് ശേഷം പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017, 1-1-2018 വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയതിന്റെ റിപ്പോർട്ട് നൽകാമോ;

(സി) മേൽപ്പറഞ്ഞ വർഷങ്ങളിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര തസ്തികകളുടെ കുറവാണ് കണ്ടെത്തിയത്; അവയിൽ നിയമനം നടത്തിയിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 1-1-2017 വരെ അവലോകനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017 എന്നീ വർഷങ്ങളിൽ വാർഷിക അവലോകനം നടത്തി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017 വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രാതിനിധ്യ കുറവ് ഇല്ല എന്ന് കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു*). കൂടാതെ 1-1-2018 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014, 1-1-2015 എന്നീ വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് പ്രത്യേക നിയമനത്തിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു *.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ഗസറ്റഡ് | നോൺ ഗസറ്റഡ് | ലാസ്റ്റ് ഗ്രേഡ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| 1-1-2014 | ഇല്ല. | ഇല്ല. | ഇല്ല. | സ.ഉ.(കൈ) നമ്പർ 378/2017/പൊ.ഭ.വ. തീയതി 22-12-2017 |
| 1-1-2015 | ഇല്ല. | ഇല്ല. | ഇല്ല. | സ.ഉ.(കൈ) നമ്പർ 23/2018/പൊ.ഭ.വ. തീയതി 25-01-2018 |
| 1-1-2016 | ഇല്ല. | ഇല്ല. | ഇല്ല. | സ.ഉ.(കൈ) നമ്പർ 125/2018/പൊ.ഭ.വ. തീയതി 12-6-2018 |
| 1-1-2017 | ഇല്ല. | 29 | ഇല്ല. | സ.ഉ.(കൈ) നമ്പർ 222/2018/പൊ.ഭ.വ തീയതി 27-10-2018 |
| 1-1-2018 | അവലോകനത്തിനായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. | | | |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നോൺ ഗസറ്റഡ് വിഭാഗത്തിൽ 1-1-2017-ൽ കുറവുള്ളതായി കണ്ടെത്തിയ 29 ഒഴിവുകളും (എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി) പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 1-1-2014-ന് മുമ്പ് പ്രാതിനിധ്യക്കുറവുള്ളതായി കണ്ടെത്തിയ 31 തസ്തികകളിൽ ഗസറ്റഡ് വിഭാഗത്തിലെ 9 എണ്ണം നികത്താനുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017 വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രാതിനിധ്യ കുറവില്ല എന്ന് കണ്ടെത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1-1-2018 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014-ലെ പട്ടികജാതി/പട്ടികവർഗ്ഗ വാർഷിക അവലോകന റിപ്പോർട്ട് പ്രകാരം ചുവടെ ചേർക്കുന്ന എണ്ണം ഒഴിവുകൾ വിവിധ തസ്തികകളിൽ കുറവുള്ളതായി കണ്ടെത്തുകയുണ്ടായി. സ.ഉ.(കൈ) നമ്പർ 63/2016/പൊ.ഭ.വ തീയതി 3-5-2016

| | നോൺ ഗസറ്റഡ് (പട്ടിക വർഗ്ഗത്തിനു മാത്രം) | | നിയമനം നടന്നത് |
|---|---|---|---|
| (1) | (2) | (3) | (4) |
| (i) | എൽ.ഡി.ക്ലാർക്ക് | 5 | 3 |
| (ii) | വൊക്കേഷണൽ ഇൻസ്ട്രക്ടർ(അഗ്രിക്കൾച്ചർ) | 2 | |
| (iii) | നോൺ വൊക്കേഷണൽ ടീച്ചർ (GFC Junior) | 4 | |
| (iv) | നോൺ വൊക്കേഷണൽ ടീച്ചർ (English Junior) | 1 | നിയമനം നടന്നിട്ടില്ല. 2016 ജൂൺ/ആഗസ്റ്റ് മാസങ്ങളിൽ |
| (v) | നോൺ വൊക്കേഷണൽ ടീച്ചർ (Biology Junior) | 1 | |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| | <u>ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്</u> | | ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (i) | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 2 | |
| (ii) | പ്രിന്റിംഗ് ടെക്നോളജി | 2 | |
| (iii) | നഴ്സറി മാനേജ്മെന്റ്&ഓർണമെന്റൽ ഗാർഡനിംഗ് | 2 | |
| (iv) | ഓഫീസ് സെക്രട്ടറിഷിപ്പ് | 4 | |
| (v) | അക്കൗണ്ടൻസി & ഓഡിറ്റിംഗ് | 4 | |

1-1-2015-നെ അടിസ്ഥാനമാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വാർഷിക അവലോകന 9-2-2018-ലെ (സ.ഉ.(കൈ) നമ്പർ 38/2018/പൊ.ഭ.വ. റിപ്പോർട്ട് പ്രകാരം

ഗസറ്റഡ് 7(പട്ടികജാതി) 5 (പട്ടികവർഗ്ഗം)

നോൺ ഗസറ്റഡ് 52 (പട്ടികജാതി)

ലാസ്റ്റ് ഗ്രേഡ് 1(പട്ടികജാതി/പട്ടികവർഗ്ഗം) എന്നിങ്ങനെ പ്രാതിനിധ്യ കുറവുള്ളതായി കണ്ടെത്തുകയുണ്ടായി ഇതിൽ നോൺ ഗസറ്റഡ് തസ്തികയിലെ 52 ഒഴിവുകളിൽ 15 ഒഴിവുകൾ (ഫിസിക്സ് ജൂനിയർ-5, ജി.എഫ്.സി(ജൂനിയർ)-5, മാത്തമറ്റിക്സ്-5) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റുള്ള തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞില്ല.

**കെ.ഇ.ആർ. ഭേദഗതി**

225(1295) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ഡിസംബർ മാസത്തിൽ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതി കാരണം സംസ്ഥാനത്ത് നിയമനാംഗീകാരം ലഭിക്കുന്നത് തടയപ്പെട്ട എത്ര എയ്ഡഡ് അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തി യിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കുകൾ നൽകാമോ;



LIBRARY ARCHIVES Kerala Legislative Assembly